ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ശുചീകരണ പ്രവർത്തനങ്ങളും മന്ദീഭവിച്ചിട്ടില്ല. അടുത്ത കാലത്തായി കൂടുതൽ വാഹനങ്ങളും ഉപയോഗിച്ചും കൂടുതൽ ജോലിക്കാരെ നിയമിച്ചും ശുചീകരണ പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഉപയോഗശൂന്യമായ 'ഡസ്റ്റ്ബിന്നു'കളും മാറ്റിയിട്ടു പകരം പുതിയ ഡസ്റ്റ്ബിന്നുകളും വയ്ക്കുന്നുണ്ട്.

(സി) കൂടുതൽ ഡസ്റ്റ്ബിന്നുകളും വയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഡസ്റ്റ്ബിന്നുകളും ഉണ്ടാക്കാൻ നടപടികളും എടുത്തുകഴിഞ്ഞിട്ടുണ്ട്.

പത്തനാപുരം ഗവൺമെന്റ് ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കാൻ നിർദ്ദേശം

1094 [1742] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം ഗവൺമെന്റ് ഡിസ്പെൻസറിക്ക് പുതിയ കെടിടം കെട്ടി സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ;

(ബി) ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനാപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു വാർഡ് കെട്ടുന്നതിന് ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തിക പരിമിതിമൂലം കിടക്കകളും വർദ്ധിപ്പിക്കാൻ തൽക്കാലം നിവർത്തിയില്ല.

(സി) ഉദിക്കുന്നില്ല.

ചിത്രാ മെഡിക്കൽ സെന്ററിലെ നിയമനം

095 [1743] ശ്രീ. എ. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാ മെഡിക്കൽ സെന്ററിലെ ഡയറക്ടറുടെ സെക്രട്ടറി എന്ന തസ്തികയിൽ നിയമനം നടത്തിയത് അഡ്വർട്ടൈസ് ചെയ്ത ശേഷമാണോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) അല്ല.

(ബി) മെഡിക്കൽ സെന്ററിന്റെ രൂപീകരണസമയത്ത് എക്സിക്യൂട്ടീവ് ഡയറക്ടറുടെ സ്റ്റെനോഗ്രാഫറായി, കേരള സർക്കാരിൽ 18 വർഷം സർവ്വീസുള്ള ഒരു വ്യക്തിയാണ് ഡെപ്യൂട്ടേഷനിൽ നിയമിതനായത്.

LIBRARY ARCHIVES Kerala Legislative Assembly